(ഇ) പണാപഹരണത്തിനുത്തരവാദികളെ കണ്ടെത്തുന്നതിനായി പോലീസിൽ പരാതി നൽകിയിട്ടുണ്ട്. പണം കൈകാര്യം ചെയ്തിരുന്ന ശ്രീമതി കെ. പി. സ്നേഹലതയെ സസ്പെൻഡ് ചെയ്യുകയും, ട്രഷറർ, സെക്രട്ടറി എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്നും അന്വേഷണ വിധേയമായി മാറ്റി നിർത്തുകയും ചെയ്തു.

(എഫ്, ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല. 5690, 5696, 5697, 5713, 5717, 5729, 5730, 5731, 5761, 5775, 5780, 5785, 5786, 5788, 5799.)

II ശ്രദ്ധക്ഷണിക്കൽ

(1) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ സംരക്ഷിക്കേണ്ടതിന്റെയും വി.ആർ.എസ്. ഉത്തരവ് പിൻവലിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ സംരക്ഷിക്കാനും വി.ആർ.എസ്. നടപ്പിലാക്കാനുള്ള സർക്കാരിന്റെ പുതിയ ഉത്തരവ് പിൻവലിക്കേണ്ടതിനെ സംബന്ധിച്ചും അടിയന്തിര നടപടികൾ 9.30 A. M.] സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 24-6-2003-ൽ സർക്കാർ ഇറക്കിയ ജി.ഒ.പി. നമ്പർ 73/2003 ഐ.ഡി. പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നടപ്പിലാക്കാനുള്ള ഉത്തരവ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുവാനും ആ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും ആളുകളെ തൊഴിൽരഹിതരാക്കുന്നതിനും ഇടവരുത്തുമെന്നുള്ള കാര്യം അടിയന്തിരമായി ശ്രദ്ധിക്കാൻവേണ്ടിയാണ് ഞാൻ ഇത് ഇവിടെ പറയുന്നത്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചില ആനുകൂല്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും തൊഴിൽ നഷ്ടപ്പെടുക, വ്യവസായങ്ങൾ അടച്ചു പൂട്ടുക എന്നുള്ളത് തൊഴിലാളികളുടെ ജീവിതഭദ്രതയെയാണ് തകർക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. Trivandrum Spinning Mills Ltd., Kerala Soaps and Oils Ltd., Kerala Ceramics Ltd., Kerala State Textile Corporation Ltd., Malabar Spinning and Weaving Mill, Keltron Counters Ltd., Astral Watches, Sitaram Textiles Ltd., TELK, Auto-cast Ltd., Kerala Garments Ltd., United Electrical Industries Ltd., Kerala Construction and Components Ltd., Keltron Rectifiers Ltd. എന്നീ സ്ഥാപനങ്ങളിലൊക്കെ ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. റിയാബ് ലേലത്തിൽ വച്ച അഞ്ച് സ്ഥാപനങ്ങളിൽ, Keltron Counters Ltd., Kerala State Detergents and Chemicals Ltd., Saliside Chemicals Ltd., Travancore Plywood Industries Ltd., Astral Watches എന്നീ അഞ്ച് സ്ഥാപനങ്ങളിൽ Kerala State Detergents and Chemicals Ltd., കുറ്റിപ്പുറം ഒഴിച്ച് ബാക്കി നാലെണ്ണത്തിനും വിൽപ്പന നടപടി പൂർത്തിയായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുറ്റിപ്പുറത്തെ കമ്പനിയും ഏതാണ്ട് വിൽപ്പന സ്റ്റേജിലാണ്. ഈ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കപ്പെട്ടാൽ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കെല്ലാം വി. ആർ. എസ്. പദ്ധതി പ്രകാരം എത്രയൊക്കെ ആനുകൂല്യങ്ങളുണ്ടെങ്കിലും അവരുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണ്. മാത്രമല്ല ഇതിൽ പ്രഖ്യാപിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

Social Safety Net Programme for State Level Enterprises in Kerala ഇതൊരു restructure-ന്റെ ഭാഗമായി കൊണ്ടുവരികയാണ്. Restructure എന്നു പറഞ്ഞിട്ടുള്ളത് തൊഴിലാളികളെ കശാപ്പ് ചെയ്യുന്ന നടപടിയായിരുന്നു. വ്യവസായങ്ങളുടെ അസ്ഥിവാരം കുളംതോണ്ടിപ്പോയാൽ തൊഴിൽ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടുന്ന ഒരു സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം പൊയ്ക്കൂടാ. അങ്ങ് രണ്ട് പാക്കേജുകളെന്ന് പറഞ്ഞിട്ടുള്ളത് Financial Compensation Package and Welfare and Economic Sustainability Package. എന്ത് പാക്കേജ് പ്രഖ്യാപിച്ചാലും, നമ്മുടെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാഹചര്യമുണ്ടാകാൻ പാടില്ല. പബ്ലിക് സെക്ടർ സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കഴിഞ്ഞാൽ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന ഭീഷണി വളരെ വളരെ വേഗത്തിലാകും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി.യുടെയും അതുപോലെ മറ്റൊരു കേന്ദ്ര സ്ഥാപനമായ എച്ച്.എം.ടി.യുടേയും സ്ഥിതിയെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തേണ്ടത് ഗവൺമെന്റിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്. ഭരണഘടനാപരമായിട്ടുള്ള ഉത്തരവാദിത്തങ്ങൾ കൂടി അതിൽ നിഴലിക്കുന്നുണ്ട്. ഈ പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി പ്രഖ്യാപിച്ചു. ആ കമ്മിറ്റിയുടെ ചെയർമാൻ ചീഫ് സെക്രട്ടറിയാണ്. ഇൻഡസ്ട്രീസിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് വൈസ് ചെയർമാൻ. ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറി, ലേബർ സെക്രട്ടറി, ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, റവന്യൂ സെക്രട്ടറി ഇവരൊക്കെ ഇതിൽ അംഗങ്ങളാണ്. എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറും ഈ കമ്മിറ്റിയിൽ അംഗമാണ്. വളരെ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങിയ ആ കമ്മിറ്റിയുടെ നടപടികളുമായി മുന്നോട്ടുപോയി. E.R.C. (Enterprises Reforms Committee) ചൗധരി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പത്തിരുപതു സ്ഥാപനങ്ങൾ അല്ല, നിങ്ങളുടെ യു.ഡി.എഫ്. തന്നെ വച്ച താമരാക്ഷൻ കമ്മിറ്റി ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ 111 പൊതുമേഖലാ സ്ഥാപനങ്ങളുടേയും അന്ത്യം കുറിക്കാൻ, കഥ കഴിക്കാൻ ഈ കമ്മിറ്റികളുടെ നടപടികൾ വഴിവയ്ക്കും. ആധുനികവൽക്കരണം വളരെ ഗുരുതരമായി നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ, സ്വകാര്യവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്ന ഈ സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ കഥകഴിക്കാൻ നിൽക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് തൊഴിലും വ്യവസായവും നിലനിർത്താനും വേണ്ടിയുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഗവൺമെന്റ് പിന്നോട്ടു പോകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമ്പത്തിക വിദഗ്ദ്ധരുടെ ഉപദേശങ്ങൾ മാത്രം കേൾക്കരുത്. നിങ്ങൾ കൊണ്ടുവന്ന വിവേക് ഒബ്റോയ്, ലബീഷ് ഭണ്ഡാരി തുടങ്ങിയവരുടെ ഉപദേശം മാത്രം സ്വീകരിക്കരുത്. അതിനേക്കാൾ വലിയ ഉപദേശം നൽകാൻ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ട്രേഡ് യൂണിയൻ സംഘടനകൾക്ക് കഴിയും. ഓരോ സ്ഥാപനത്തിലേയും തൊഴിലാളി സംഘടനകൾ viable proposals മുന്നോട്ടു വച്ചിട്ടുണ്ട്. ആ പ്രൊപ്പോസൽസിനെക്കുറിച്ച് ആലോചിക്കണം. ആ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് disinvestment ചെയ്ത നടപടിയായാലും, അടച്ചുപൂട്ടൽ നടപടിയായാലും വി.ആർ.എസ്. സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള നടപടിയിൽ നിന്നും ഗവൺമെന്റ് പിൻമാറണം. തൊഴിലാളികൾക്ക് ആശ കൊടുത്താൽമാത്രം പോരാ, വ്യവസായ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്താനാവശ്യമായ സാമ്പത്തിക സഹായമുൾപ്പെടെ ചെയ്തുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനും വ്യവസായവും തൊഴിലും നിലനിർത്താനുംവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് എടുക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാന്യനായ മെമ്പർ സംസാരിച്ചപ്പോൾ അദ്ദേഹം അവസാനം പറഞ്ഞ വാക്ക് ഞാൻ ആവർത്തിക്കുകയാണ്. അതായത് തൊഴിലാളികൾക്ക് ആശമാത്രം കൊടുക്കരുത് എന്നുള്ളത്. ഇതുവരെയുള്ള എല്ലാ ഗവൺമെന്റുകളും പൊതുമേഖലയിലുള്ള തൊഴിലാളികൾക്ക് ആശ മാത്രം കൊടുക്കുകയായിരുന്നു; അങ്ങനെ ആശ മാത്രം കൊടുത്തതിന്റെ ഫലമായി അടഞ്ഞുപോയ പല പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഒന്നും കിട്ടാതെ പോയി. ഉദാഹരണത്തിന് ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിലെ ഒറ്റത്തൊഴിലാളിക്കും ഒരു പൈസപോലും കിട്ടിയില്ല. ഒരു വകുപ്പിലുംപെടാതെ ആ സ്ഥാപനം നിന്നുപോയി. തൊഴിലാളികളുടെ സ്ഥിതി എന്തായി? ആർക്കും ഒന്നും ചെയ്യാൻ പറ്റാതായി അതേ സ്ഥിതിയാണ് അങ്ങ് നേരത്തെ പറഞ്ഞ Kerala Soaps and Oils Ltd., Kerala State Detergent and Chemicals Ltd., Travancore Plywood Industries Ltd., എന്നീ അഞ്ചാറു പൊതുമേഖലാ സ്ഥാപനങ്ങളിലും വന്നുകൊണ്ടിരിക്കുന്നത്; വന്നുകഴിഞ്ഞു. ആരു വിചാരിച്ചാലും ആ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമായി കൊണ്ടുപോകുന്ന കാര്യം പോകട്ടെ, ആ പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താൻപോലും സാധിക്കുകയില്ല. നമ്മൾ എല്ലാപേരും കൂടി വിചാരിച്ചിട്ട് പാലക്കാട്ടുള്ള ടെലഫോൺ കമ്പനിയെ, ആ ടാറ്റായുടെ കമ്പനിയെ നിലനിർത്താൻ സാധിക്കുന്നുണ്ടോ? അവർ ഉൽപ്പാദിപ്പിക്കുന്ന ഫോൺ ആർക്കും വേണ്ട. പിന്നെ എങ്ങനെ ആ കമ്പനിയെ നിലനിർത്താൻ സാധിക്കും. അതുപോലെ സോപ്പ് വ്യവസായത്തിൽ ഇന്നു വന്നിരിക്കുന്ന കോംപറ്റീഷൻ വച്ച് കോഴിക്കോട്ടെ സോപ്പ് വ്യവസായത്തെ പൊതുമേഖലയിൽ നിലനിർത്താൻ സാധിക്കുകയില്ല. ആ സാഹചര്യത്തിൽ തൊഴിലാളികൾക്ക് ആശ മാത്രം കൊടുത്ത് ഒന്നും ചെയ്യാൻ പറ്റുകയില്ല. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ധീരമായ ഒരു ചർച്ച നടത്തേണ്ടതാണ്. ഭാവനാലോകത്തിരുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ധീരമായ നടപടിയാണ് വേണ്ടത്. Social Safety Network Programme അനുസരിച്ച് സ്ഥിരമല്ലാത്ത തൊഴിലാളികൾക്ക് പോലും ആനുകൂല്യം കിട്ടുന്നതാണ്. ഇപ്പോൾ സ്ഥിരമല്ലാത്ത തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാൻ ഒരു വകുപ്പും ഇല്ല. തൊഴിലാളികൾക്ക് അനുകൂലമായ ഒരു നിലപാടില്ല. മാത്രവുമല്ല 25 ശതമാനം ഗവൺമെന്റ് കൊടുക്കുകയാണ്. അവർ പിരിഞ്ഞുപോകുമ്പോൾ അവർക്കുവേണ്ടി ഒരു സ്കീം ഉണ്ടാക്കുകയാണ്. എല്ലാപേർക്കും ആനുകൂല്യം ഉറപ്പുവരുത്തുകയാണ്. അതിന് പ്രത്യേക ഫണ്ട് ഉപയോഗപ്പെടുത്തുകയാണ്. തൊഴിലാളികളും യൂണിറ്റുതലത്തിൽ ഇതിനെ സ്വാഗതം ചെയ്യുന്നുണ്ട്. താത്വികമായി എതിർക്കുന്നുണ്ടെങ്കിലും യൂണിറ്റുതലത്തിൽ ഇതിനെ സ്വാഗതം ചെയ്യുന്നു. Metropolitan Engineering Company-യിലെ തൊഴിലാളികളും അതുപോലുള്ള മറ്റ് തൊഴിലാളികളും 45-ഉം, 50-ഉം വയസ്സുള്ള തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകണം; അങ്ങനെയില്ലെങ്കിൽ നമ്മുടെ കമ്പനിക്ക് ഭാവിയില്ലായെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് വി. ആർ. എസ്. നടപ്പിലാക്കിത്തരണമെന്ന് തൊഴിലാളികൾ പറയുകയാണ്. അപ്പോൾ അങ്ങനെയുള്ള ഒരു സ്ഥിതിയാണുള്ളത്. സോഷ്യൽ സേഫ്റ്റി നെറ്റ് വർക്ക് പ്രോഗ്രാം വേണമെങ്കിൽ ചർച്ച ചെയ്തിട്ട് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

അട്രാക്റ്റീവ് ആക്കുന്ന കാര്യങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ പറയാം. അല്ലാതെ ആര് പിടിച്ചാലും നിൽക്കാത്ത കമ്പനികളെ നിലനിർത്തിത്തരണമെന്ന് പറഞ്ഞാൽ ആരുടെ കയ്യിലാണ് അലാവുദ്ദീന്റെ അത്ഭുത വിളക്കുള്ളത്. ആരുടെ കയ്യിലും ഇല്ല. അതുകൊണ്ട് താത്വികമായ സമീപനം വിട്ടിട്ട് സംഘടനകളൊക്കെ പ്രായോഗികമായ സമീപനമെടുക്കാൻ മുന്നോട്ടു വരണമെന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ യൂണിറ്റ് തലത്തിൽ നടത്തുന്ന ചർച്ചയിൽ നമുക്കെല്ലാപേർക്കും പങ്കെടുക്കാം. ചില കമ്പനികളെ നിലനിർത്താൻ കഴിയില്ല എന്നുള്ളത് വസ്തുതയാണ്. ആ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ട് ചർച്ച ചെയ്യുന്നതാണ് നല്ലത്. ഈ സോഷ്യൽ സേഫ്റ്റി നെറ്റ് വർക്ക് പ്രോഗ്രാമിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ സോഷ്യൽ സേഫ്റ്റി സ്കീം ഇതുവരെ കേരളം കണ്ടതിൽവച്ച് തൊഴിലാളികൾക്ക് ഏറ്റവും ആകർഷകമായ ഒരു സ്കീമാണ്. തൊഴിലാളികൾക്ക് നമ്മൾ കൂടി കൊടുക്കുന്ന പണംകൊണ്ട് പലതും ചെയ്യാൻ സാധിക്കും. സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടിയൊക്കെ കണ്ടെത്താൻ പറ്റും. തൊഴിലാളികൾ വഴിയാധാരമാകുന്നത് തടയുവാൻ വേണ്ടിയാണ് ഈ സ്കീം കൊണ്ടു വന്നിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഓരോ യൂണിറ്റ് തലത്തിലും ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തേ തീരുമാനങ്ങളെടുക്കുകയുള്ളൂ എന്നുള്ള എന്റെ നേരത്തെയുള്ള പ്രഖ്യാപിത നയത്തിൽ യാതൊരു മാറ്റവുമില്ല. ആര് എന്തുപറഞ്ഞാലും ശരി ഫൈനൽ തീരുമാനമെടുക്കുന്നത് ട്രേഡ് യൂണിയനുകളുമായി ചർച്ചചെയ്തു കൊണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: യൂണിറ്റ് തലത്തിലും സംസ്ഥാന തലത്തിലും ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. തൊഴിലാളി സംഘടനകൾ മുന്നോട്ടുവയ്ക്കുന്ന വയബിളായിട്ടുള്ള പ്രൊപ്പോസലുകളെ സംബന്ധിച്ച് ചർച്ച ചെയ്യാനും പരിഹരിക്കാനും അതുപോലെ ഗവൺമെന്റിന്റെ സാമ്പത്തികവും മറ്റ് ടെക്നോളജിക്കലായിട്ടുള്ള സപ്പോർട്ടോടുകൂടി ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ അല്ലെങ്കിൽ തൊഴിലാളികളെതന്നെ ഏൽപ്പിച്ചുകൊടുക്കുന്ന കാര്യങ്ങളും പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പരിഗണിക്കുക മാത്രമല്ല, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന് ഞാൻ ഇപ്പോൾ വാക്കു തരികയാണ്. സംസ്ഥാന തലത്തിലല്ല ഏത് തലത്തിലായാലും തരക്കേടില്ല, അതിനുവേണ്ടി എത്ര സമയം എടുത്തു വേണമെങ്കിലും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. മാത്രമല്ല തൊഴിലാളികൾക്ക് വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കാം. അതിൽ ഗവൺമെന്റിന് യാതൊരുവിധ തടസ്സവുമില്ല. മാത്രമല്ല തൊഴിലാളികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാണെങ്കിൽ ഏത് വ്യവസായമാണെങ്കിലും കുറെ ആനുകൂല്യം കൊടുക്കുന്ന കാര്യം ആലോചിക്കാം. അതിൽ യാതൊരു സംശയവുമില്ല. കമ്മിറ്റ്മെന്റായിട്ട് പറയുകയാണ്. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് വിട്ടുകൊടുക്കുന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രായോഗികമായിരിക്കണം എന്ന ഒറ്റ നിർബന്ധമേ ഗവൺമെന്റിനുള്ളൂ. നമുക്ക് യോജിച്ച് ചർച്ച നടത്താം.

(2) മട്ടാഞ്ചേരി പാലത്തിലെ ടോൾ നിരക്ക് പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, സംസ്ഥാനത്തെ ആദ്യത്തെ ബി.ഒ.ടി. പദ്ധതിയായ മട്ടാഞ്ചേരി പുതിയ പാലത്തിന്റെ കരാറിൽ ഉണ്ടായിട്ടുള്ള വീഴ്ചയും അതുപോലെ കെടുകാര്യസ്ഥതയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നത്. ബി. ഒ. ടി.-യെ സംബന്ധിച്ച് നമ്മളാരും എതിരല്ല. അതുപോലെ